പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 24

08-06-2015 - ൽ മറുപടിയ്ക്ക്

## മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.പി.തിലോത്തമൻ**<br>**ശ്രീ.കെ.അജിത്**<br>**ശ്രീ.ജി.എസ്.ജയലാൽ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) | അമിതമായ മത്സ്യബന്ധനവും മലിനീകരണവും കാലാവസ്ഥാവ്യതിയാനവും സമുദ്രങ്ങളിലെ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നുവെന്ന ലോക വന്യജീവി സംരക്ഷണ നിധിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോകവന്യജീവി നിധിയുടെ റിപ്പോർട്ട് പ്രകാരം specious directory ൽ ഉൾപ്പെട്ടിട്ടുളള Hawksbill turtle (Eretmochelys impricata), Leather back turtle (Dermochelys Corocea) എന്നീ കടലാമകൾക്ക് വംശനാശ ഭീഷണി നേരിടുന്നു ണ്ട്. ആഗോള താപനം, മലിനീകരണം , കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം ലോക വ്യാപകമായി മത്സ്യസമ്പത്ത് കുറഞ്ഞ് വരുന്ന പ്രതിഭാസം കേരളാ തീരത്തുളള സമുദ്ര ആവാസ വ്യവസ്ഥയിലും പ്രതിഫലിക്കുന്നു ണ്ട്. |
| ബി) | സമുദ്ര മലിനീകരണവും യന്ത്രവൽകൃത വലകൾ ഉപയോഗിച്ചുള്ള അമിതമായ മത്സ്യബന്ധനവും മൂലം വംശനാശം സംഭവിച്ച മത്സ്യങ്ങളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ഇനങ്ങളിൽപ്പെടുന്നവയാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) | സമുദ്ര മലിനീകരണവും യന്ത്രവൽകൃത വലകൾ ഉപയോഗിച്ചുളള അമിതമായ മത്സ്യബന്ധനവും മൂലം മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും സർക്കാർ പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | | ഉണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി കേരളാ മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് പ്രകാരം 1988 മുതൽ കേരളത്തിന്റെ തീരക്കടലിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. മത്സ്യങ്ങളുടെ പ്രജനനകാലമായ ജൂൺ ജൂലൈ മാസങ്ങളിൽ |

| | | | |
|---|---|---|---|
| | | | ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുക വഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ആർട്ടിഫിഷ്യൽ റീഫ്, ഫിഷ് സാങ്ച്വറീസ്, സീ റാഞ്ചിംഗ് എന്നീ പദ്ധതികളും ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**